പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5523** — **01.07.2014 ൽ മറുപടിയ്ക്ക്**

## യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജീവദായിനി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. ഷാഫി പറമ്പിൽ : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജീവദായിനി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ അടിയന്തിര ഘട്ടങ്ങളിൽ രക്തം ആവശ്യമുള്ളവർക്ക് യാതൊരു വിധ സാമ്പത്തിക ബാധ്യതയുമില്ലാതെ അത് ലഭ്യമാക്കുന്നതിനുള്ള ജീവദായിനി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നീ 3 ജില്ലകളിൽ ആരംഭിച്ച് ക്രമേണ മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) 1.അടിയന്തിര ഘട്ടങ്ങളിൽ സുരക്ഷിതവും സൗജന്യവുമായിട്ടുള്ള രക്തദാനം സാധ്യമാക്കുക.<br>2.സന്നദ്ധ രക്തദാന ഗ്രൂപ്പ് രൂപീകരിക്കുക.<br>3.രക്തദാതാക്കളുടെ ഡേറ്റാ ബാങ്ക് രൂപീകരിക്കുക.<br>4.ഓൺലൈൻ ഡേറ്റാ ബാങ്ക് രൂപീകരിക്കുകയും രക്തബാങ്കുകളിൽ രക്തം ലഭ്യമാക്കുകയും ചെയ്യുക.<br>5.രക്തം ആവശ്യമുള്ളവർക്ക് ബന്ധപ്പെടുവാൻ Toll Free Call Centre ആരംഭിക്കുക. |
| (സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകളും കോളേജുകളിലെ എൻ.എസ്.എസ് / എൻ.സി.സി യൂണിറ്റുകളും മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ |

തിരുവനന്തപുരം ജില്ലയിൽ ഗവ. മെഡിക്കൽ കോളേജ് ബ്ലഡ് ബാങ്ക്, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി, എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ ബ്ലഡ് ബാങ്ക് യൂണിറ്റ്, എറണാകുളം ജില്ലയിൽ ജനറൽ ഹോസ്പിറ്റൽ ബ്ലഡ് ബാങ്ക്, ഐ.എം.എ ബ്ലഡ് ബാങ്ക്, കോഴിക്കോട് ജില്ലയിൽ ഗവ. മെഡിക്കൽ കോളേജ് ബ്ലഡ് ബാങ്ക്, ജനറൽ ഹോസ്പിറ്റൽ ബ്ലഡ് ബാങ്ക് എന്നീ സ്ഥാപനങ്ങളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്.

| | |
|---|---|
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നറിയിക്കാമോ ? | ഡി) ജീവദായിനി പദ്ധതി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 2014 സെപ്റ്റംബർ ആദ്യ വാരം മുതൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പ്രസ്തുത പദ്ധതി വിജയത്തിലെത്തിക്കുന്നതിലേക്കായി എൻ.എസ്.എസ്, എൻ.സി.സി യൂണിറ്റുകളുമായി സഹകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ